# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 686 11.12.2012-ൽ മറുപടിക്ക്.

## കാസർഗോഡ് -തിരുവനന്തപുരം അതിവേഗ റെയിൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ . പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ)കാസർഗോഡ്-തിരുവനന്തപുരം അതിവേഗ റെയിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. വിശദമായ പദ്ധതിരേഖ ഡി.എം.ആർ.സി. തയ്യാറാക്കിവരുന്നു. |
| (ബി)ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത്; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) ഇത് സംബന്ധിച്ചുള്ള സാദ്ധ്യതാ പഠനം ഡി.എം.ആർ.സി. നടത്തിയിട്ടുണ്ട്. |
| (സി)ഈ പദ്ധതിക്ക് എത്ര രൂപയാണ് ചെലവു കണക്കാക്കുന്നത്; ഈ പണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;<br><br>(ഡി)ഇത് നടപ്പാക്കുകയാണെങ്കിൽ എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരും; വ്യക്തമാക്കുമോ;<br><br>(ഇ)കുടിയൊഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും പാക്കേജ് രൂപപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി), (ഡി) & (ഇ) വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നതേയുള്ളൂ. അത് ലഭിച്ചാൽ മാത്രമേ ഇതിനുള്ള മറുപടി നല്കാൻ കഴിയൂ. |
| (എഫ്)ഈ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ ? | (എഫ്) ഡി.എം.ആർ.സി. ഈ പദ്ധതിയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**